പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2078

04/11/2019 ൽ മറുപടി നല്കേണ്ടത്.

## അടൂർ ജനറൽ ആശുപത്രി വികസനം

| ചോദ്യം<br>**ശ്രീ.ചിറ്റയം ഗോപകുമാർ** | ഉത്തരം<br>**പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
|---|---|
| എ) അടൂർ ജനറൽ ആശുപത്രിയിൽ സ്ഥലപരിമിതി മൂലം വികസനം സാധ്യമാകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ആശുപത്രിയോട് ചേർന്നുള്ള സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസ് ജലവിഭവ വകുപ്പിന്റെ സ്ഥലത്തേക്ക് മാറ്റുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളെ ഉൾപ്പെടുത്തി ആലോചനായോഗം വിളിക്കുമോ;<br>സി) ആയതിനായി ഇതിനകം നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി ലഭ്യമാക്കുമോ? | ബി) & സി) ആശുപത്രിയോട് ചേർന്നുള്ള സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസ് ജലവിഭവ വകുപ്പിന്റെ സ്ഥലത്തേക്ക് മാറ്റുന്നത് സംബന്ധിച്ച് അനുമതിക്കായി 589/ഇ 2/2017/ആകുവ അനൗദ്യോഗിക കത്ത് പ്രകാരം റവന്യൂവകുപ്പിന് ശുപാർശ നൽകുകയുണ്ടായി. തുടർന്ന് ടി കോളേജ് ജലവിഭവ വകുപ്പിന്റെ കെ .ഐ.പി കനാൽ പുറമ്പോക്കിൽ പെട്ട പെരിങ്ങനാട് വില്ലേജിൽ സ്ഥിതിചെയ്യുന്ന 66.17 ആർ വസ്തുവിലേക്ക് മാറ്റുന്നതിനായി ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെയും ജലവകുപ്പിന്റെയും അനുമതി ലഭിക്കുന്നതിനായുള്ള നിർദ്ദേശം റവന്യൂവകുപ്പിൽ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ